ഫാറം 4

ചട്ടം 11(3) കാണുക.

**വിജ്ഞാപനം**

നമ്പർ.കെ4-1195/2018 തിരുവനന്തപുരം,തീയതി:24.03.2018

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന് ഉള്ളൂർ ജംഗ്ഷനിൽ മേൽപ്പാലം പണിയുന്നതിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ആക്ട് 2013 -ലെ(2013-ലെ 30-ാം കേന്ദ്ര ആക്ട്)4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ,ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്പ്മെന്റ്,ഐ.ആർ.ഡി സുരക്ഷ,റ്റി.സി 11/18,19,പി.എം.ജി തിരുവനന്തപുരത്തിന് അനുമതി നൽകിയിരിക്കുന്നു.ടി പ്രവൃത്തി മൂന്ന് മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതും യാതൊരു കാരണവശാലും ആറു മാസത്തിലധികമാകാൻ പാടില്ലാത്തതുമാണ്.

**പട്ടിക**

ജില്ല:തിരുവനന്തപുരം താലൂക്ക്:തിരുവനന്തപുരം

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ | റീസർവെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|---|
| 1 | ചെറുവയ്ക്കൽ | 20 | 456(ഭാഗം) | പുരയിടം | 0.0242 |
| 2 | ചെറുവയ്ക്കൽ | 20 | 457(ഭാഗം) | പുരയിടം | 0.0929 |

| | | | | | |
|---|---|---|---|---|---|
| 3 | ചെറുവയ്ക്കൽ | 1 | 1(ഭാഗം) | പുരയിടം | 0.1620 |
| 4 | ഉള്ളൂർ | 21 | 669(ഭാഗം) | പുരയിടം | 0.0800 |
| 5 | ഉള്ളൂർ | 1 | 2(ഭാഗം) | പുരയിടം | 0.0430 |
| 6 | പട്ടം | 1 | 2(ഭാഗം) | പുരയിടം | 0.1617 |
| ആകെ | | | | | 0.5638 |

(ഒപ്പ്)

ജില്ലാ കളക്ടർ,തിരുവനന്തപുരം